DESPATCHED
On 29/06/ 2020

18 · 3 · 20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2244*(7)/2014*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **13696**/*എസ്.ഐ.സി–ജി 6/14*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.നെല്ലിക്ക പവിത്രൻ,
നെല്ലിക്ക ഹൗസ്,
ആമുക്കാ പള്ളിക്ക് സമീപം,
തലശ്ശേരി – 670 105.
} **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സബ് ഇൻസ്പെക്ടർ,
ധർമ്മടം പോലീസ് സ്റ്റേഷൻ.

2. അപ്പീൽ അധികാരി&
സർക്കിൾ ഇൻസ്പെക്ടർ,
തലശ്ശേരി.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 04.04.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 21.04.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 24.04.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 26.08.2014 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 30.08.2014 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 12.11.2019 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കണ്ണൂർ. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3)വകുപ്പുപ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.നെല്ലിക്ക പവിത്രൻ, 26.08.2014ന്

സമർപ്പിച്ച അപ്പീൽ ഹർജി 30.08.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2244(7)/14/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷ നിരസിക്കുകയാണ് ചെയ്തതെന്നും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിന്മേൽ രണ്ടാം എതിർകക്ഷി യാതൊരു നടപടിയും സ്വീകരിച്ചില്ലെന്നും ടിയാന്റെ അപ്പീൽ പരിഗണിച്ച് ഉചിതമായ നടപടി സ്വീകരിക്കണ മെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 04.04.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, പിണറായി പുത്തലത്ത്ക്കണ്ടി വീട്ടിൽ താമസിക്കുന്ന സിന്ധു എന്നവരുടെ ഭർത്താവ് ബാബു എന്ന പ്രദീപൻ, 39.03.2014ന് രാത്രി 10.10ന് തലശ്ശേരി ജനറൽ ആശുപത്രിയിൽ ചികിത്സാർത്ഥം പ്രവേ ശിക്കപ്പെട്ടിരുന്നുവെന്നും മർദ്ദനമേറ്റാണ് ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടതെന്ന് ടിയാളുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ധർമ്മടം പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ടി കേസുമായി ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ വിവരാവ കാശ നിയമപ്രകാരം അനുവദിക്കണമെന്നാണ്. ആയതിന് 21.04.2014ന് നൽകിയ മറുപടിയിൽ 29.03.2014ന് 19.30 മണിക്ക് വർക്ക് ഷോപ്പിലെ ജോലി കഴിഞ്ഞ് വീട്ടി ലേയ്ക്ക് പോകവെ തലശ്ശേരി അംശം കൊടുവള്ളി എന്ന സ്ഥലത്തുള്ള വർക്ക് ഷോപ്പിന് സമീപം വച്ച് മർദ്ദനമേറ്റതിനെ തുടർന്ന് ആശുപത്രിയിൽ പ്രവേശിക്കപ്പെട്ട പ്രദീപൻ പി., എന്നയാളുടെ മൊഴി പ്രകാരം ഹർജിക്കാരനെ പ്രതിയാക്കി ക്രൈം നമ്പർ 225/2014 u/s 341, 323, 324 IPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതും തുടർന്ന് പ്രതിയായ ടിയാനെ 02.04.2014ന് അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടയച്ചിട്ടു ള്ളതാണെന്നും ടി സംഭവത്തിൽ പ്രതിസ്ഥാനത്തുള്ളയാളാണ് ഹർജിക്കാരൻ എന്ന തിനാലും ടി കേസ്സ് അന്വേഷണാവസ്ഥയിൽ ആയതിനാലും ടി കേസ്സുമായി ബന്ധ പ്പെട്ട രേഖകൾ പൊതുരേഖ അല്ലാത്തതതിനാലും അനുവദിച്ച് നൽകാൻ നിർവ്വാഹ മില്ലെന്നും ടി കേസ്സിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം തലശ്ശേരി ജെ.എഫ്. സി.എ.കോടതി മുമ്പാകെ സമർപ്പിക്കുന്ന അവസരത്തിൽ ടിയാനുള്ള പകർപ്പ് കോടതി മുമ്പാകെ സമർപ്പിക്കുമെന്നുമാണ് അറിയിച്ചത്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി ഒന്നാം അപ്പീൽ സമർപ്പിക്കുകയും ചെയ്തു.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബ ന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്നു കമ്മീഷനു ബോധ്യമാകുന്നു. എന്നാൽ

കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് നൽകിയിട്ടില്ലെന്നും ടിയാനെതിരെ കള്ളക്കേസ് നൽകിയതാണെന്നും ഇപ്പോൾ കോടതിയിൽ നിന്നും വിധി വന്നിട്ടുണ്ടെന്നും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ 05.04.2014ലെ അപേക്ഷയ്ക്ക് 22.04.2014ന് ടിയാന് അയച്ചുകൊടുത്തിട്ടുള്ളതാണെന്നും ബഹു. സുപ്രീം കോടതി വിധി പ്രകാരം പ്രതിസ്ഥാനത്തു നിൽക്കുന്നയാളിന് ടി രേഖകൾ നൽകാൻ നിർവ്വാഹമില്ലെന്നും ഇപ്പോഴും കേസ് നിലനിൽക്കുകയാണെന്നും അതിനാലാണ് ടിയാന് നൽകാൻ സാധിക്കാത്തതെന്നുമാണ്.

5. 16.11.2019ൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ അയച്ച കത്തിൽ ഹർജിക്കാരന്റെ ഹർജിയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച ഒരു റിപ്പോർട്ട് കമ്മീഷൻ മുമ്പാകെ സമർപ്പിക്കണമെന്നും ആയതിന്റെ ഒരു പകർപ്പ് ഹർജിക്കാരന് നൽകണമെന്നും 12.11.2019ൽ ഹിയറിംഗ് നിശ്ചയിച്ചുകൊണ്ടുള്ള കത്തിൽ രേഖപ്പെടുത്തിയിരുന്നെങ്കിലും വിചാരണ ദിവസം വരെയും ടിയാന് എതിർകക്ഷികളിൽ നിന്നും യാതൊരു അറിയിപ്പും ലഭിച്ചിരുന്നില്ലെന്നും അന്നേദിവസം നടന്നിട്ടുള്ള വീഡിയോ കോൺഫറൻസിൽ വച്ച് ടിയാന്റെ പരാതി തീർപ്പു കൽപ്പിച്ചിരുന്നുവെന്നും ടി വിഷയവുമായി ബന്ധപ്പെട്ട് കൂടുതലായി ചില വിവരങ്ങൾ കൂടി പരിഗണിക്കണമെന്നു കാണിച്ചിട്ടുണ്ടെങ്കിലും ഹർജിക്കാരന്റെ പ്രഥമ അപേക്ഷയിലെ ആവശ്യങ്ങൾ മാത്രമേ പരിഗണിക്കാൻ സാധിക്കുകയുള്ളുവെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ആകയാൽ രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ഇരുകക്ഷികളുടെ മൊഴിയുടെ അടിസ്ഥാനത്തിലും ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 മാർച്ച് 18-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)